"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

വനിതശിശു വികസന വകുപ്പ്- സ്റ്റേറ്റ് നിർഭയ സെൽ- പി.പി.റഹനാസിനെ മലപ്പുറം വൺ സ്റ്റോപ്പ് സെന്ററിലെ സെന്റർ അഡ്മിനിസ്ട്രേറ്ററുടെ തസ്തികയിൽ നിന്നും വയനാട് ജില്ലയിൽ വൺസ്റ്റോപ്പ് സെന്ററിലെ സെന്റർ അഡ്മിനിസ്ട്രേറ്ററുടെ ഒഴിവുള്ള തസ്തികയിലേക്ക് നിയമനം നല്കുന്നതിന് അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വനിതശിശു വികസന(ബി) വകുപ്പ്**

സ.ഉ.(സാധാ) നം.489/2025/WCDD തീയതി,തിരുവനന്തപുരം, 16-12-2025

---

പരാമർശം:-

1. സ.ഉ.(സാധാ) നം. 46/2021/സാനീവ തീയതി. 19/01/2021.
2. വനിതശിശു വികസന ഡയറക്ടറുടെ 07.07.2025, 03.10.2025-ലെ DWCD/6739/2024-NCPO3 നം. കത്ത്.

**<u>ഉത്തരവ്</u>**

കുമാരി പി.പി.റഹനാസിനെ 2021 ഫെബ്രുവരി മാസത്തിൽ ഒഴിവ് വന്ന മലപ്പുറം വൺ സ്റ്റോപ്പ് സെന്ററിൽ സെന്റർ അഡ്മിനിസ്ട്രേറ്ററുടെ തസ്തികയിലേക്ക് നിയമനം നൽകുന്നതിന് മലപ്പുറം ടാസ്ക്ഫോഴ്സ് കമ്മിറ്റിക്ക് നിർദ്ദേശം നൽകിക്കൊണ്ട് പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു. സ്വദേശം കണ്ണൂർ ആണെങ്കിലും വർഷങ്ങളായി മലപ്പുറത്ത് വാടകയ്ക്ക് താമസിച്ച് വരികയായിരുന്ന ടിയാൾക്ക് സർക്കാർ സഹായത്തോടെയും മറ്റ് ഏജൻസികളുടെ സഹായത്തോടെയും വയനാട് ജില്ലയിൽ നിലവിൽ ഒരു വീട് നിർമ്മിച്ച് ലഭ്യമാക്കിയിട്ടുണ്ടെന്നും, ടിയാൾ വയനാട് ജില്ലയിലെ ഒ.എസ്.സി-യിലെ സെന്റർ അഡ്മിനിസ്ട്രേറ്റർ തസ്തികയിലേക്ക് സ്ഥലം മാറ്റം ആവശ്യപ്പെട്ടിട്ടുണ്ടെന്നും ഈ പ്രത്യേക സാഹചര്യങ്ങളും സർക്കാർ സംരക്ഷണയിൽ കഴിഞ്ഞിരുന്നയാൾ എന്ന പരിഗണനയിലും പരാമർശം (1) പ്രകാരമുള്ള ഉത്തരവ് റദ്ദ് ചെയ്ത് വയനാട് ജില്ലയിൽ വൺസ്റ്റോപ്പ് സെന്ററിലെ സെന്റർ അഡ്മിനിസ്ട്രേറ്ററുടെ ഒഴിവുള്ള തസ്തികയിലേക്ക് നിയമനം നൽകുന്നതിന് മിഷൻ ശക്തി പ്രകാരമുള്ള മലപ്പുറം ജില്ലാതല കമ്മിറ്റിക്ക് നിർദ്ദേശം നൽകി കൊണ്ട് ഉത്തരവാകണമെന്ന് വനിതശിശു വികസന ഡയറക്ടർ പരാമർശം (2) പ്രകാരം അഭ്യർത്ഥിച്ചിട്ടുണ്ട്.

(2) സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. സർക്കാർ സംരക്ഷണയിൽ കഴിഞ്ഞിരുന്നയാൾ എന്ന പരിഗണനയിൽ, പരാമർശം (1) പ്രകാരം മലപ്പുറം ജില്ലയിലെ വൺ സ്റ്റോപ്പ് സെന്ററിൽ കോൺട്രാക്ട് വ്യവസ്ഥയിൽ സെന്റർ അഡ്മിനിസ്ട്രേറ്ററായി പ്രവർത്തിച്ചു വരുന്ന റഹനാസ്.പി.പി ക്ക്, വ്യക്തിപരമായ സാഹചര്യങ്ങൾ കണക്കിലെടുത്ത് പ്രസ്തുത ഉത്തരവ് റദ്ദ് ചെയ്ത് വയനാട് ജില്ലയിൽ വൺസ്റ്റോപ്പ് സെന്ററിലെ സെന്റർ അഡ്മിനിസ്ട്രേറ്ററുടെ ഒഴിവുള്ള തസ്തികയിലേക്ക് നിയമനം നൽകുന്നതിന് മിഷൻ ശക്തി പ്രകാരമുള്ള മലപ്പുറം ജില്ലാതല കമ്മിറ്റിക്ക് നിർദ്ദേശം നൽകി കൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സന്തോഷ് കുമാർ.റ്റി.കെ.
അഡിഷണൽ സെക്രട്ടറി

വനിത ശിശു വികസന ഡയറക്ടർ, തിരുവനന്തപുരം.

സ്റ്റേറ്റ് കോർഡിനേറ്റർ, നിർഭയ സെൽ, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം. അക്കൗണ്ടന്റ് ജനറൽ(എ ആന്റ് ഇ) കേരള, തിരുവനന്തപുരം.

വെബ് & ന്യൂ മീഡിയ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി).

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Sithara Vijayan
Date: 16-12-2025 17:07:18
സെക്ഷൻ ഓഫീസർ